"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ആനി ക്ലീറ്റസിന് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.2157/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/11/2020

---

പരാമർശം:- 1 സർക്കുലർ നംപർ.18326/AR 14(1)/2011/P&ARD, തീയതി 29-10-2012

2 സ.ഉ(സാധാ) നമ്പർ.2845/2016/തസ്വഭവ തീയതി 07/10/2016

3 ശ്രീമതി.ആനി ക്ലീറ്റസിന്റെ 10.01.2020 ലെ അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 16.02.2020 ലെ ഇ6-2369/20 നംപർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ആനി ക്ലീറ്റസിന് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2) ശ്രീമതി.ആനി ക്ലീറ്റസ് 26.03.2016 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് പരാമർശം (2) പ്രകാരം കേന്ദ്ര ഗവൺമെന്റിന് കീഴിൽ ഭോപ്പാലിലുള്ള Science Education & Research ൽ 5 വർഷത്തെ BSMS കോഴ്സ് പൂർത്തിയാക്കുന്നതിലേക്ക് 27.3.2016 തീയതി പ്രിഫിക്സ് ചെയ്ത് 28.03.2016 മുതൽ 24.07.2019 വരെ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിട്ടുണ്ട്. ശ്രീമതി.ആനി ക്ലീറ്റസിന് ഇസ്രായേലിലുള്ള ഏരിയൽ യൂണിവേഴ്സിറ്റിയിൽ പി.എച്ച് ഡി പൂർത്തിയാക്കുന്നതിനായി 01.02.2020 മുതൽ 5 വർഷത്തേക്ക് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഏരിയൽ യൂണിവേഴ്സിറ്റിയിലെ കോഴ്സ് അഡ്മിഷൻ ഡയറക്ടർ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ആനി ക്ലീറ്റസിന് ഇസ്രായേലിലുള്ള ഏരിയൽ യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി പൂർത്തിയാക്കുന്നതിനായി കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B ലെ വ്യവസ്ഥകൾക്ക വിധേയമായും ചട്ടം 4 ൽ ഇളവ് വരുത്തിയും 01.02.2020 മുതൽ 31.01.2024 വരെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീമതി.ആനി ക്ലീറ്റസ്, ക്ലാർക്ക്, പട്ടാഴി ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ്( 20.07.2020 ലെ ബി2-234/16 നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്(64/ഇപിഎ1/20 നംപർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ